ഉത്തരം

(എ) ഉണ്ട്.

(ബി) 2002 മുതൽ മത്സ്യഫെഡ് നടപ്പിലാക്കിയ വായ്പാ പദ്ധതികൾ വഴി മത്സ്യബന്ധന ഉപകരണങ്ങൾ ലഭിച്ചിട്ടുള്ള 5,960 മത്സ്യത്തൊഴിലാളികൾക്ക്.

(സി) മത്സ്യബന്ധന ഉപകരണത്തിന്റെ വിലയായി നൽകുന്ന വായ്പാത്തുക യ്ക്കാണ് പരിരക്ഷ ലഭിക്കുന്നത്. ഇപ്രകാരം വിതരണം ചെയ്യുന്ന തുകയുടെ 4% ആണ് സുരക്ഷാ സ്കീമിലേയ്ക്കുള്ള വിഹിതം. ഇത് തൊഴിലാളികളിൽ നിന്നുതന്നെ സ്വീകരിക്കുന്നു.

(ഡി) കുടിശ്ശികയില്ല.

## മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പ്

87 [1773] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
" തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകൃത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പിന് എത്ര കുട്ടികൾ അർഹരായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തു തുക വേണ്ടിവരുമെന്നറിയിക്കാമോ;

(സി) സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കു ന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള ഏകദേശ കണക്ക് ചുവടെ ചേർക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

| ജില്ല | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| 1. തിരുവനന്തപുരം | 22,000 |
| 2. കൊല്ലം | 4,941 |
| 3. ആലപ്പുഴ | 6,265 |
| 4. കോട്ടയം | 1,251 |
| 5. പത്തനംതിട്ട | 148 |
| 6. ഇടുക്കി | 5 |
| 7. എറണാകുളം | 6,986 |
| 8. തൃശ്ശൂർ | 2,569 |
| 9. പാലക്കാട് | 130 |
| 10. മലപ്പുറം | 10,200 |
| 11. കോഴിക്കോട് | 7,365 |
| 12. കണ്ണൂർ | 4,500 |
| 13. വയനാട് | 3 |
| 14. കാസർഗോഡ് | 3,055 |

(ബി) പ്രതിവർഷം ഏകദേശം 4 കോടി 70 ലക്ഷം രൂപ വേണ്ടി വരുന്നുണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

## ഫിഷറീസ് ഫാമുകളുടേയും വയലുകളുടേയും പ്രവർത്തനം

88 [1774] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലുള്ള ഫിഷറീസ് ഫാമുകളുടേയും വയലുകളുടേയും പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ ഇവിടുത്തെ ഉൽപ്പാദനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഫിഷറീസ് ഫാമുകളുടേയും വയലുകളുടേയും വിസ്തൃതി എത്ര യാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly